**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

നം.DB2/392/2024-LSGD-Part(1)

തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്
dbdeptlsg@gmail.com
0471-2518083

തിരുവനന്തപുരം,
തീയതി: 29-11-2024

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് തദ്ദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായുള്ള "തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി" - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്

സൂചന:- 1)ബഹു. ധനകാര്യ വകുപ്പ് മന്ത്രിയും ബഹു.തദ്ദേശ സ്വയംഭരണം, എക്സൈസ്-പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയും സംയുക്തമായി 24.07.2024 & 14.10.2024 എന്നീ തീയതികളിൽ നടത്തിയ വകുപ്പുതലയോഗത്തിന്റെ തീരുമാനം

2)ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 21.11.2024-ന് ബഹു. ധനകാര്യ വകുപ്പ് മന്ത്രി, ബഹു.തദ്ദേശ സ്വയംഭരണം, എക്സൈസ്-പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ വകുപ്പുതലയോഗതീരുമാനം

3)ബഹു.തദ്ദേശ സ്വയംഭരണം, എക്സൈസ്-പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 28.11.2024-ന് ചേർന്ന വകുപ്പുതലയോഗതീരുമാനം

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ യുദ്ധാകാലാടിസ്ഥാനത്തിൽ പുനരുദ്ധരിക്കുന്നതിനായി 2024-25 ലെ സംസ്ഥാന ബജറ്റിൽ 1000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ റോഡ് പുനരുദ്ധാരണം സംബന്ധിച്ച് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെയും ബഹു.തദ്ദേശ സ്വയംഭരണം, എക്സൈസ്-പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ 24.07.2024 & 14.10.2024 എന്നീ തീയതികളിൽ ചേർന്ന യോഗതീരുമാനത്തിന്റെയും, ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 21.11.2024-ന് ബഹു. ധനകാര്യ വകുപ്പ് മന്ത്രി, ബഹു.തദ്ദേശ സ്വയംഭരണം, എക്സൈസ്-പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ യോഗതീരുമാനത്തിന്റെയും 28.11.2024-ന് ബഹു.തദ്ദേശ സ്വയംഭരണം, എക്സൈസ്-പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ മേൽ പദ്ധതിയുടെ നിർവ്വഹണവുമായിബന്ധപ്പെട്ടു ചുവടെപറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ഓരോ നിയോജകമണ്ഡലത്തിലേയും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടുന്ന റോഡുകളുടെ പട്ടിക ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുമായി ചർച്ച നടത്തി, അനുവദിക്കേണ്ടുന്ന തുക സഹിതം മുൻഗണനാക്രമത്തിൽ തയ്യാറാക്കി എം.എൽ.എ.-മാർ ധനകാര്യ വകുപ്പിൽ സമർപ്പിക്കേണ്ടതും പ്രവൃത്തികൾ ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച്

തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭ്യമാക്കുന്നതും തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്നതുമാണ്.

2) പുനരുദ്ധാരണത്തിനായി റോഡുകൾ തെരഞ്ഞെടുക്കുമ്പോൾ ചുവടെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. പ്രധാനറോഡുകളെ ബന്ധിപ്പിക്കുന്ന തദ്ദേശറോഡുകൾ, സ്കൂൾ, കോളേജ്, ആശുപത്രികൾ, ടൂറിസം മേഖലകൾ എന്നിവയെ ബന്ധിപ്പിക്കുന്ന റോഡുകൾ, ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഒന്നാം ഘട്ടത്തിൽ കുഴിക്കേണ്ടി വന്നതും പൂർവ്വസ്ഥിതിയിലാക്കാൻ ഫണ്ട് ഇല്ലാത്തതുമായ റോഡുകൾ എന്നിവയ്ക്ക് മുൻഗണന നൽകേണ്ടതാണ്.
2. കുറഞ്ഞത് 15 ലക്ഷം രൂപയുടെയും പരമാവധി 45 ലക്ഷം രൂപയുടെയും അടങ്കൽ തുക വരുന്ന പ്രവൃത്തികളാണ് ഏറ്റെടുക്കേണ്ടതാണ്.
3. ഒന്നിൽ കൂടുതൽ റോഡുകൾ സംയോജിപ്പിച്ച് ഒറ്റ പ്രവൃത്തിയാക്കാൻ പാടുള്ളതല്ല.
4. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ നിർമ്മാണം/മെയിന്റനൻസ് ചെയതതും ബാധ്യത കാലയളവ് (defect liability period) ലുള്ളതുമായ റോഡുകൾ ഏറ്റെടുക്കാൻ പാടുള്ളതല്ല.
5. നിലവിൽ തദ്ദേശസ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ മാത്രമേ ഈ പദ്ധതിയിൻ കീഴിൽ ഏറ്റെടുക്കുവാൻ പാടുള്ളൂ.
6. ഈ പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ മറ്റു പദ്ധതികളുമായോ ഫണ്ടുകളുമായോ സംയോജിപ്പിക്കാൻ പാടില്ലാത്തതാണ്.

3) ഈ പദ്ധതിയിൻ കീഴിലെ പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യാഗസ്ഥൻ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അസിസ്റ്റന്റ് എഞ്ചിനീയറായിരിക്കും. ഒന്നിൽ കൂടുതൽ തദ്ദേശ സ്ഥാപനത്തിന്റെ പരിധിയിലൂടെ കടന്ന് പോകുന്ന റോഡുകൾക്കും, ജില്ലാ പഞ്ചായത്ത് റോഡുകൾക്കും നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറായിരിക്കുന്നതാണ്.

4) ഭരണാനുമതിപുറപ്പെടുവിക്കുന്നതിന്റെ ആവശ്യത്തിലേക്കായി ബന്ധപ്പെട്ട എം.എൽ.എ മാർ ആവശ്യപ്പെടുന്ന റോഡുകളുടെ Preliminary Estimate ബന്ധപ്പെട്ട എഞ്ചിനീയർമാർ തയ്യാറാക്കി ആയത് പ്രകാരമുള്ള തുക, ആസ്തി രജിസ്റ്റർ പ്രകാരമുള്ള പേര് എന്നിവ സഹിതം എം.എൽ.എ.മാർക്ക് ലഭ്യമാക്കേണ്ടതാണ്.

5) ഈ പദ്ധതിയുടെ കിഴിലുള്ള പ്രവൃത്തികൾക്ക് സർക്കാർ തലത്തിൽ അംഗീകാരം നൽകുന്നതിനാൽ D.P.C.-യുടെ അംഗീകാരം ആവശ്യമില്ല.

6) പദ്ധതിയുടെ ഓൺലൈൻ മോണിറ്ററിംഗ്/പെയ്മന്റ് തുടങ്ങിയവയ്ക്ക് P.M.S. Kerala-സോഫ്റ്റ് വെയർ ഉപയോഗിക്കാവുന്നതാണ്.

7) പ്രവൃത്തികൾക്ക് ഡിസംബർ 20-ഓടെ ഭരണാനുമതി നൽകേണ്ടതും ഡിസംബർ 31-ഓടെ സാങ്കേതികാനുമതി നൽകേണ്ടതും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഫെബ്രുവരി 15-ഓടെ പ്രവൃത്തികൾ ആരംഭിച്ച് ഏപ്രിൽ അവസാനത്തോടെ പ്രവൃത്തികൾ പൂർത്തിയാക്കേണ്ടതുമാണ്.

8) ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട എഞ്ചിനീയർമാർ detailed estimate തയ്യാറാക്കേണ്ടതും, GO(P)No 111/2019/Fin Dated: 21.08.2019 പ്രകാരം അധികാരമുള്ള ഉദ്യോഗസ്ഥരിൽ നിന്നും സാങ്കേതികാനുമതി വാങ്ങി ടെണ്ടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

9) ഈ പദ്ധതിയുടെ കീഴിലുള്ള പ്രവൃത്തികൾക്ക് GO(P)No 161/2019/Fin Dated: 25.11.2019 പ്രകാരമുള്ള defect liability period പൊതുവിൽ ബാധകമായിരിക്കുന്നതാണ്. എങ്കിലും, എല്ലാ പ്രവർത്തികൾക്കും defect liability period കുറഞ്ഞത് 2 വർഷമായി കണക്കാക്കേണ്ടതും, ടി നിബന്ധന ടെണ്ടർ ഡോക്യുമന്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

10) പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന ഒരു ജില്ലാതല സാങ്കേതിക സമിതി നിർവഹിക്കേണ്ടതാണ്. പ്രസ്തുത കമ്മിറ്റിയിൽ ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയർ, ഒരു external technical expert, പ്രവൃത്തിയുടെ നിർവഹണ ഉദ്യോഗസ്ഥൻ എന്നിവർ ഉൾപ്പെടുന്നതാണ്. External technical expert തെരഞ്ഞെടുക്കുന്നതിനായി താത്പര്യമുള്ള, വിരമിച്ച സൂപ്രണ്ടിംഗ് എഞ്ചിനിയർമാർ, എക്സ്ിക്യൂട്ടിവ് എഞ്ചിനീയർമാർ (3 വർഷം ടി തസ്തികയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവർ) എന്നിവരുടെ ഒരു പാനൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ രൂപീകരിക്കേണ്ടതാണ്. പാനലിൽ ഉൾപ്പെടുന്ന external technical expert മാർ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറിൽ നിന്നും നിയമന ഉത്തരവ് കൈപ്പറ്റി കരാറിലേർപ്പെടേണ്ടതാണ്. 25 ലക്ഷം രൂപയിൽ താഴെയുള്ള പ്രവൃത്തികൾക്ക് ഒരു ജില്ലയിലെ 25% പ്രവൃത്തികൾ (software മുഖേന Random selection) ക്വാളിറ്റി മോണിറ്ററിംഗ്- ന് വിധേയമാക്കേണ്ടതും, 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികളും ക്വാളിറ്റി മോണിറ്ററിംഗ് -ന് വിധേയമാക്കേണ്ടതുമാണ്. പ്രവൃത്തികൾ പുരോഗമിക്കുന്ന വേളയിലും, പൂർത്തീകരണ വേളയിലും പരിശോധനകൾ നടത്തേണ്ടതാണ്. ഒരു മാസത്തിലെ അവസാന ദിവസത്തിനുള്ളിൽ പൂർത്തീകരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രവൃത്തികൾ തൊട്ടടുത്ത മാസത്തിൽ പരിശോധന ചെയ്ത് 10 ദിവസത്തിനുള്ളിൽ റിപ്പോർട്ട് വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യേണ്ടതാണ്

11) പ്രവൃത്തിയുടെ ബില്ലുകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാർ തയ്യാറാക്കി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ പരിശോധിച്ച് ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയർമാർ പാസ്സാക്കേണ്ടതാണ്. പാസാകുന്ന ബിൽ തുകയ്ക്കുള്ള റിക്വിസിഷൻ ബിൽ തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതും, ചീഫ് എഞ്ചിനീയർ തുക ബന്ധപ്പെട്ട എക്സിക്യൂട്ടിവ് എഞ്ചിനീയർമാർക്ക് കൈമാറേണ്ടതുമാണ് . റിക്വസിഷൻ അല്ലാതെ വേറെ യാതൊരുവിധ രേഖകളും ചീഫ് എഞ്ചിനീയർക്ക് നൽകേണ്ടതില്ല. പ്രവൃത്തികളുടെ റിക്വസിഷൻ പ്രകാരമുള്ള തുക അനുവദിക്കുന്നതിനുള്ള ചുമതല പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ ചീഫ് എഞ്ചിനീയറിൽ മാത്രം നിക്ഷിപ്തമായിരിക്കും.

12) ഈ പദ്ധതിയിൻ കിഴിലുള്ള പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് അനുവദനീയമല്ല.

13)ഈ പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ഭരണാനുമതി തുക ഭാവിയിൽ വർധിപ്പിച്ച് നൽകുന്നതല്ല.

14) ടി പദ്ധതിയുടെ കീഴിൽവരുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ഉയർന്ന തുകക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതല്ല എന്നതിനാൽ കൃത്യമായ എസ്റ്റിമേറ്റാണ് തയ്യാറാക്കുന്നത് എന്ന് ബന്ധപ്പെട്ട എഞ്ചിനിയർമാർ ഉറപ്പ് വരുത്തേണ്ടതാണ്. .

15) ടി പ്രവൃത്തിയുടെ ചെലവുകൾ 4515-00-800-89-Maintenance of Roads under LSGD എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതായിരിക്കും.

16) ടി പ്രവൃത്തിയുടെ ബില്ലുകൾക്ക് ട്രഷറി നിയന്ത്രണം ബാധകമായിരിക്കുന്നതല്ല.

ഉത്തരവിൻ പ്രകാരം

ലീന എൻ പി
അഡിഷണൽ സെക്രട്ടറി

Signed by
Smitha. L
Date: 29-11-2024 13:08:53

സെക്ഷൻ ഓഫീസർ.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ

പകർപ്പ്
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.തദ്ദേശസ്വയംഭരണം, എക്സൈസ്-പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ ഡ്യൂട്ടിക്ക്
ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്